# വി. എച്ച്. എസ്എസ്
# ഫോർ ഗേൾസ്
# തിരുവല്ലം

# സ്കൂൾ മാസ്റ്റർ
# പ്ലാൻ
# 2025 – 2026

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | വി.എച്ച്.എസ്.എസ്. ഫോർ ഗേൾസ്, തിരുവല്ലം |
| വിലാസം | : | വി.എച്ച്.എസ്.എസ്. ഫോർ ഗേൾസ്, തിരുവല്ലം<br>തിരുവല്ലം പി.ഒ., തിരുവനന്തപുരം - 695027 |
| ഫോൺ | : | 0471-2383275 |
| വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം സൗത്ത് |
| ബി.ആർ.സി<br>സി.ആർ.സി | : | തിരുവനന്തപുരം സൗത്ത് |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | നേമം |
| ലോകസഭാ മണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| ഇ-മെയിൽ | : | vhsstvlm@gmail.com |

# ഉള്ളടക്കം

## ആമുഖം

സ്കൂളിനെക്കുറിച്ചുള്ള പൊതുചിത്രം, സ്കൂളിലെ മൊത്തം വിദ്യാർത്ഥിനികൾ, അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം, സ്കൂൾ പരീക്ഷാഫലം, വി.എച്ച്.എസ്.ഇ. ആകെ വിദ്യാർത്ഥിനികൾ, അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം, വി.എച്ച്.എസ്.ഇ. പരീക്ഷാഫലം.


- ലക്ഷ്യങ്ങൾ
- പൊതുലക്ഷ്യങ്ങൾ
- നേടിയ മറ്റ് നേട്ടങ്ങൾ
- സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ, പരിമിതികൾ, കാഴ്ചപ്പാടുകൾ
- പൊതുലക്ഷ്യങ്ങൾ നേടുന്നതിനായുള്ള പ്രവർത്തനം (അക്കാദമികം)
- പൊതുലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനം (ഭൗതികം)
- പൊതുലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനം (സാമൂഹികം)
- അക്കാദമിക പ്രവർത്തനങ്ങൾ
- ഉപസംഹാരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മാർഗരേഖ

**ആമുഖം** : തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശത്ത് നഗരത്തിന്റെ ശബ്ദകോലാഹലങ്ങളോ, ആർഭാടങ്ങളോ ഒന്നുമില്ലാതെ കേരളത്തിന്റെ തനിമയും, നാട്ടിൻപുറത്തിന്റെ ശാലീനതയും പുലർത്തുന്ന ഒരു പ്രദേശമാണ് തിരുവല്ലം. കരമനയാറിന്റെ കളകളാരവം കേട്ടുറങ്ങുന്ന പരശുരാമക്ഷേത്രത്തിലെ പള്ളിയുണർത്തു കേട്ടുണരുന്ന ഗ്രാമത്തിന്റെ തിലകക്കുറിപോലൊരുകുന്ന്. പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹീതമായ ഒരു കുന്നിൻ മുകളിലാണ് പ്രകൃതി രമണീയമായ ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.

**സ്കൂൾ പൊതുചിത്രം** : 1929-ലാണ് ഒരു പ്രൈമറി സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ജനനന്മയെ ലക്ഷ്യമാക്കി കർമ്മമേഖലയെ വികസിപ്പിക്കുവാനും, വൈവിധ്യവത്കരിക്കുവാനും കഴിവുള്ള അപൂർവപ്രതിഭയായിരുന്നു തിരുവല്ലം ശ്രീ എൻ. അച്യുതൻ നായർ. തന്റെ പ്രിയപിതാവിന്റെ ചിരകാല അഭിലാഷമായിരുന്നു ഈ പ്രദേശത്ത് ഒരു ഹൈസ്കൂൾ സ്ഥാപിക്കുക എന്നത് അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമം കൊണ്ട് 1958-ൽ ഈ സ്ഥാപനം ഒരു ഹൈസ്കൂളായി ഉയരുകയും തന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഈ സ്ഥാപനത്തിന് തന്റെ പിതാവിന്റെ പേരും (ബി. നാരായണവിലാസം ബി.എൻ.വി) അദ്ദേഹം നൽകി.

ഈ സ്ഥാപനം അതിന്റെ വിജയസോപാനത്തിൽ എത്തിയതോടെ ബോയ്സ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ എന്നിങ്ങനെ രണ്ട് സ്കൂളുകളായി മാറുകയുണ്ടായി. 1968-ലാണ് ഈ സ്ഥാപനം പെൺകുട്ടികൾക്ക് മാത്രം അധ്യയനം നടത്തുന്നതിനുള്ള ഒരു ഗേൾസ് ഹൈസ്കൂളായി മാറിയത്. സാമൂഹ്യസേവനം ജീവിതലക്ഷ്യമാക്കിയും തൊഴിലിന് പ്രാധാന്യം നൽകികൊണ്ടും 1992 ൽ ഇതൊരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി (മാർക്കറ്റിംഗ് ആന്റ് സെയിൽസ്മാൻഷിപ്പ്, സിവിൽ കൺസ്ട്രക്ഷൻ, അഗ്രികൾച്ചറൽ, ജനറൽ ഇൻഷുറൻസ് കോഴ്സുകൾ) ഉയർത്തി. ഈ സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും അക്കാദമിക പ്രവർത്തനങ്ങൾക്കും സ്കൂൾ മാനേജ്മെന്റും, പി.റ്റി.എ.യും, അധ്യാപക, അധ്യാപകേതര ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്. ഈ വിദ്യാലയത്തിലെ ആദ്യത്തെ പ്രഥമാധ്യാപിക യശഃശരീരനായ മാനേജർ ശ്രീ. എൻ. അച്യുതൻനായർ അവർകളുടെ സഹധർമ്മിണിയും കൂടിയായ ശ്രീമതി എം. ഈശ്വരിയമ്മയും പ്രഥമ വിദ്യാർത്ഥിനി എം. രാധയുമായിരുന്നു. ഇപ്പോഴുള്ള ഹെഡ്മിസ്ട്രസ്സ് ശ്രീമതി കുമാരി രശ്മിയും, സ്കൂൾ പ്രിൻസിപ്പാൾ ഡോ. ജാനു എം.എസ് ആണ്

| | | |
|---|---|---|
| സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | : | 370 |
| അധ്യാപന അധ്യാപകേതര ജീവനക്കാരുടെ എണ്ണം | : | 21 |
| 2024–2025–ലെ എസ്.എസ്.എൽ.സി | | |
| പരീക്ഷാഫലവും വിജയശതമാനവും | : | 96% |
| ആകെ പരീക്ഷ എഴുതിയവർ | : | 57 |
| വിജയശതമാനം | : | 96 |

## ലക്ഷ്യങ്ങൾ

- അഞ്ചുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് നേടേണ്ട ശേഷികൾ നേടുക.
- വിഷയാടിസ്ഥാനത്തിൽ സമയബന്ധിതമായി പ്രവർത്തനങ്ങൾ നൽകി പൂർത്തികരിക്കുക.
- സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നതിനുള്ള പ്രവർത്തന കലണ്ടർ രൂപപ്പെടുത്തുക.
- കല, കായിക, മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാനും പരിശീലനം നൽകാനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പഠനവും സർഗ്ഗാത്മകതയും രസകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.
- യൂണിറ്റ് ടെസ്റ്റുകൾ നടത്തി, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പിന്തുണ ക്ലാസ്സ് നൽകൽ.

## നേട്ടങ്ങൾ

2024–2025 കാലയളവിൽ അക്കാദമിക മികവ് പുലർത്താൻ സാധിച്ചു. 57 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 55 പേരും വിജയിച്ചു.

മുൻ വർഷങ്ങളെ അപേക്ഷിച്ച് എല്ലാ വിഷയങ്ങളിലും ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കാൻ കുട്ടികൾക്ക് സാധിച്ചു.

## പ്രതിസന്ധികൾ

ആശയവിനിമയശേഷി കുട്ടികളിൽ കുറവായി കാണുന്നു.

## കാഴ്ചപ്പാടുകൾ

ഈ വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥിനികളും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ അതാത് ക്ലാസ്സുകളിൽ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്ന തരത്തിൽ വിവിധ പഠനമേഖലകൾ പരിചയപ്പെടുത്തി പരിശീലിപ്പിക്കുക എന്നുള്ള പുതിയ കാഴ്ചപ്പാടിലൂടെ ഈ വിദ്യാലയാന്തരീക്ഷം മാറ്റിയെടുക്കുക എന്നുള്ളതാണ്. പരിസ്ഥിതി സൗഹൃദവിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനായി വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും ഔഷധസസ്യങ്ങൾ നട്ടും മഴലഭ്യതയ്ക്കനുസരിച്ച് പച്ചക്കറി തോട്ടം നിർമ്മിച്ചും ഈ വിദ്യാലയത്തെ ഹരിതാഭമാക്കും. മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകൾ എല്ലാ മേഖലകളിലും മുന്നാക്ക പിന്നാക്ക ഭേദമില്ലാതെ ബോധവത്കരണവും പിൻതുണയും നൽകും. ഭിന്നശേഷിയുള്ളവർക്ക് പ്രത്യേക പരിഗണന നൽകും. എല്ലാ പെൺകുട്ടികൾക്കും അവസരസമത്വം നൽകും. പെൺകുട്ടികളിലെ സ്വഭാവരൂപീകരണം ലക്ഷ്യമാക്കി അവരിൽ ആത്മവിശ്വാസം ഉണ്ടാകുന്നതിനാവശ്യമായ കൗൺസിലിംഗുകൾ നൽകും. വിദ്യാഭ്യാസരംഗത്തെ തുല്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിനായി സ്കൂൾ പഠനാന്തരീക്ഷവും പഠനപരിസരവും മാറ്റിയെടുക്കും. രക്ഷിതാക്കളിൽ ഗുണമേന്മാവിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സൃഷ്ടിക്കുന്നതിനായി ക്ലാസ്സ് പി.റ്റി.എ.കൾ മാസംതോറും സംഘടിപ്പിക്കും. കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിനു വേണ്ടി ഐ.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തും. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും നൽകുന്നതിനുള്ള അന്തരീക്ഷം ഒരുക്കും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## പൊതുലക്ഷ്യങ്ങൾ

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ, സ്വഭാവരൂപീകരണം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- ഭിന്നശേഷിക്കാർക്കും എല്ലാ മേഖലയിലും അവസരസമത്വം ഉറപ്പ് വരുത്തൽ

## അക്കാദമികം

- ശാസ്ത്രലാബ് ശാക്തീകരണം
  (സാമൂഹ്യശാസ്ത്രം, ശാസ്ത്രം, ഗണിതം)
- ശാസ്ത്രപഠനോപകരണ ശില്പശാലകൾ
- ICT - Virtual
  (a) Tour Preparation (സാമൂഹ്യശാസ്ത്രം)
  (b) കാർഷിക രംഗത്തെ നൂതന സാധ്യതകൾ പരിചയപ്പെടുത്തുന്നതിന്
  (c) Map Reading
- Hard Spots (എല്ലാ വിഷയങ്ങൾക്കും) വിദഗ്ദ്ധ ക്ലാസുകൾ നടപ്പിലാക്കൽ
- Worksheet നിർമ്മാണം (S.S, Science, Maths, Malayalam, English, Hindi, Sanskrit, Arabic)
- Talent Day - സർഗ്ഗാത്മകത വളർത്തൽ
- Zumba Dance പരിശീലനം
- YIP, Young Innovation Programme കുട്ടികളുടെ പങ്കാളിത്തം
- കരാട്ടേ പരിശീലനം
- സ്വയം പ്രതിരോധം പ്രാപ്തരാക്കുക

## ഭൗതികം

- Hi Tech ശൗചാലയ നിർമ്മാണം
- പച്ചക്കറിത്തോട്ടം, ഔഷധസസ്യത്തോട്ടം നിർമ്മാണം
- ലൈബ്രറി നവീകരണം (For the empowerment of Language in Student)
- ഡിസാസ്റ്റർ മാനേജ്മെന്റ്
- ഗ്ലോബ് നിർമ്മാണം
- ശാസ്ത്രജ്ഞന്മാരുടെ ഗാലറി (S.S, Science, Maths)
- HI Tech ക്ലാസ്സ് റൂമുകൾ
- Hi-Tech Multi-plex DTs Surroundings Theatre
- പുതിയ School Bus - കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന്
- നവീകരിച്ച School Science Laboratory
- Green Campus ( Plastic free campus)

## സാമൂഹികം

- പ്രാദേശിക ചരിത്ര രചന
- ശാസ്ത്രപ്രാധാന്യമുള്ള പ്രാദേശിക ഇടങ്ങൾ സന്ദർശനം
- കൗൺസിലിംഗ് - പ്രതിസന്ധികൾ നേരിടാൻ, തരണം ചെയ്യാൻ
- ലഹരി ഉപയോഗത്തെക്കുറിച്ച് പഠനം, പരിഹാരം, പഠനക്ലാസ്സുകൾ സംഘടിപ്പിക്കൽ
- കുട്ടികൾക്കെതിരെ അതിക്രമങ്ങൾ തടയുന്നതിന് - ബോധവത്ക്കരണം (സുരക്ഷ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് - സ്വയരക്ഷയ്ക്ക് കരാട്ടെ
- അമ്മ അറിയാൻ cyber സുരക്ഷയെക്കുറിച്ച് ബോധവൽക്കരണം (മാധ്യമങ്ങളുടെ ദുരുപയോഗം)
- പൊതു പങ്കാളിത്തം ഉറപ്പുവരുത്തൽ
- കുട്ടികളുടെ സുരക്ഷ
- CCTV സ്ഥാപിച്ചു

## പൊതുലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനം - അക്കാദമികം

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാല നവീകരണം

ഉപമേഖല : ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ കൃതികൾ പരിചയപ്പെടുത്തൽ, വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കൽ, സർഗ്ഗാത്മക രചനകളിൽ പങ്കെടുക്കൽ | ഗ്രന്ഥശാലയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ കണ്ടെത്തി ശേഖരിക്കൽ, പുസ്തകങ്ങൾ ക്രമീകരിക്കൽ, വായനയ്ക്കുള്ള അവസരം നൽകൽ, കുറിപ്പുകൾ തയ്യാറാക്കൽ, സർഗ്ഗാത്മക രചനകൾക്ക് അവസരം നൽകൽ | 2 വർഷം | എച്ച്.എം<br>വിദ്യാരംഗം<br>അധ്യാപകർ | പി.റ്റി.എ<br>പൂർവ്വ അധ്യാപക വിദ്യാർത്ഥിനികൾ |

ആമുഖം : പുതിയ തലമുറയിലുള്ള കുട്ടികൾക്ക് വായനാശീലം കുറവായതിനാലും അവരിൽ താൽപര്യപൂർവ്വം ശ്രദ്ധ കൊണ്ടുവരാനും പൊതുലക്ഷ്യമായി ഗ്രന്ഥശാല ശാക്തീകരണം തെരഞ്ഞെടുത്തു. വിവിധ സാഹിത്യകൃതികൾ പരിചയപ്പെടുത്താനുള്ള അവസരങ്ങൾ ഒരുക്കുന്നതിനോടൊപ്പം ആസ്വാദനകുറിപ്പുകൾ, കഥാരചന, കവിതാരചന ഇവയ്ക്കുള്ള അവസരം ഒരുക്കാനും കഴിയുന്നു. എഴുതാനും, വായിക്കാനുമുള്ള കഴിവുനേടാനും ലൈബ്രറി ശാക്തീകരണം കൊണ്ട് കഴിയുന്നു. വ്യത്യസ്ത സാഹിത്യകൃതികളെ പരിചയപ്പെടാനും കുട്ടികൾക്ക് അവസരം നൽകുന്നു.

പ്രവർത്തനത്തിന്റെ പേര് : എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഷരഹിതമായ പച്ചക്കറി ഉൽപ്പാദനവും വിപണനവും | മികച്ച വിത്ത് വിതരണം ഗ്രോബാഗുകളിലൂടെ പച്ചക്കറി ഉൽപ്പാദനവും, മികച്ച ഉൽപ്പാദകരെ ആദരിക്കൽ | 1 വർഷം | എക്കോ ക്ലബ്ബ് കാർഷിക കോളേജ്, കൃഷിഭവൻ, വിവിധ ക്ലബ്ബുകൾ | കൃഷിഭവൻ |

ആമുഖം : പുതിയ തലമുറയ്ക്ക് കൃഷിയെക്കുറിച്ച് ഒരു അവബോധം ഉണ്ടാകുവാനും കൃഷി രീതികളെക്കുറിച്ച് മനസ്സിലാക്കുവാനും വിഷരഹിതമായ പച്ചക്കറികൾ ഉപയോഗിക്കുവാനും ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുവാനും ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയുന്നു.

വിദ്യാർത്ഥികൾക്ക് എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ശൗചാലയം നിർമ്മിക്കുന്നതിലൂടെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഇവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്

പ്രവർത്തനത്തിന്റെ പേര് : ലഹരി ഉപയോഗത്തെക്കുറിച്ച് പഠനം, പരിഹാരം, പഠനക്ലാസുകൾ സംഘടിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുതുതലമുറയെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ലഹരി എന്ന വിപത്തിനെ തുടച്ചുനീക്കാൻ | പഠന ക്ലാസ്സുകൾ സംഘടിപ്പിക്കൽ, കൗൺസിലിംഗ് | 1 വർഷം | സ്കൂൾ & Excise വിഭാഗം<br>SPG വിഭാഗം | സ്കൂൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം നന്നായി എഴുതാനും വായിക്കാനുമുള്ള ശേഷി നേടൽ | അക്ഷരം ചിഹ്നം എന്നിവ തിരിച്ചറിയൽ<br>പദനിർമ്മാണം വാക്യങ്ങൾ നിർമ്മിക്കൽ | 1 വർഷം | 5 മുതൽ 10 വരെ |
| 2. കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കൽ | കഥാരചന, കവിതാ രചന എന്നിവ സംഘടിപ്പിക്കൽ, അവ ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ | 1 വർഷം | 5 മുതൽ 10 വരെ |
| 3. എല്ലാ കുട്ടികളെയും വായനയിൽ താത്പര്യമുള്ളവരാക്കി മാറ്റുക | ക്ലാസ്സ്/സ്കൂൾ ലൈബ്രറി മുഖേന പുസ്തകങ്ങൾ വിതരണം ചെയ്യൽ. വായനാക്കുറിപ്പ് ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | 1 വർഷം | 5 മുതൽ 10 വരെ |

**ആമുഖം**

വിദ്യാർത്ഥിനികളിൽ അക്ഷരജ്ഞാനം ഉണ്ടാകുന്നതിനും വായനാശീലം വളർത്തുന്നതിനും സർഗ്ഗവാസനകൾ വികസിപ്പിക്കുന്നതിനുമുള്ള ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. പഠനമികവിലേക്ക് ഉയരുന്നതിന് ഐ.ടി സാധ്യതകളും ചേർത്തുള്ള ചെറിയ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ പ്രാപ്തരാക്കുകയാണ് പ്രവർത്തനങ്ങളിലൂടെ ചെയ്തിരിക്കുന്നത്. കുട്ടികളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വായനയ്ക്കും എഴുത്തിനുമുള്ള സാധ്യതകൾ പ്രധാനവിഷയമായി സ്വീകരിച്ചുകൊണ്ട് അതിന് പ്രയോജനപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

**പൊതുലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും മലയാളം നന്നായി എഴുതാനും വായിക്കാനുമുള്ള ശേഷികൾ വികസിപ്പിക്കൽ
- കുട്ടികളിലെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കൽ
- മുഴുവൻ കൂട്ടുകാരെയും വായനയിൽ താത്പര്യം ഉള്ളവരാക്കി മാറ്റുക
- വായന ഒരു ശീലവും ലഹരിയുമാക്കി മാറ്റുക

## പ്രവർത്തനം – 1

ഭിന്നശേഷി ഉൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും മലയാളം നന്നായി എഴുതാനും വായിക്കാനുമുള്ള ശേഷി നേടൽ

## ആമുഖം

ഒരു ക്ലാസ്സിൽ എല്ലാ വിഭാഗത്തിലുമുള്ള കുട്ടികളുണ്ടാകും. മികച്ചവരും ഇടത്തരക്കാരും അതുപോലെ തന്നെ പിന്നാക്കം നിൽക്കുന്നവരും, മികച്ചവർക്കും ഇടത്തരക്കാർക്കും കൊടുക്കുന്നതിനേക്കാൾ പ്രാധാന്യം പിന്നാക്കം നിൽക്കുന്നവർക്ക് നൽകിയേ പറ്റൂ. കൂടുതൽ ശ്രദ്ധ അർഹിക്കുന്നു. എന്നാൽ ക്ലാസ്സ് സമയങ്ങളിൽ അധ്യാപകർക്ക് അതിനായി സമയം ചെലവഴിക്കാൻ കഴിഞ്ഞെന്നുവരില്ല. പിന്നാക്കക്കാരെ മുന്നിലേക്ക് കൊണ്ടുവരിക എന്നതാണ് മറ്റേത് പ്രവർത്തനങ്ങളെക്കാളും പ്രാധാന്യം കൊടുക്കേണ്ടത്.

## ലക്ഷ്യം

- പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നാക്കം കൊണ്ടുവരിക.
- അക്ഷരവും അടയാളവും കുട്ടികളിൽ ഉറപ്പിയ്ക്കുന്നു
- അക്ഷരങ്ങളിൽ നിന്ന് പദങ്ങളിലേക്കും പദങ്ങളിൽ നിന്ന് വാക്യങ്ങളിലേക്കും എത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

ജൂൺ രണ്ടാം വാരം എഴുതാനും വായിക്കാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ തെരഞ്ഞെടുക്കുന്നു. കുട്ടികളെ അക്ഷരമാലാക്രമത്തിൽ (ക, ച, ട, ത, പ) ഗ്രൂപ്പുകളാക്കുന്നു.

അക്ഷര കാർഡ് നൽകി അക്ഷരം തിരിച്ചറിയാൻ കുട്ടികളെ സഹായിക്കുന്നു.

ജൂലൈ മാസത്തിൽ അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക നൽകി അതിൽ നിന്നും ചെറിയ ചെറിയ വാക്കുകൾ കണ്ടെത്താൻ പറയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

കുട്ടികളോട് തങ്ങളുടെ സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും പേരെഴുതുക എന്ന തുടർപ്രവർത്തനം നൽകുന്നു.

കുട്ടികൾ തയ്യാറാക്കിയ പദങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

സെപ്റ്റംബർ മാസത്തിൽ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി ചിത്രം കാണിക്കുകയും അതിലുള്ള കാര്യങ്ങൾ വാക്യരൂപത്തിൽ എഴുതാനുള്ള പ്രവർത്തനം നൽകുകയും ചെയ്യുന്നു.

വാക്കുകൾ ഉൾക്കൊള്ളുന്ന ഒരു ചാർട്ട് നൽകി അതിൽ നിന്നും വാക്യങ്ങൾ കണ്ടെത്താൻ പറയുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

ഒക്ടോബർ മാസത്തിൽ പാഠഭാഗം കുട്ടികൾക്ക് വായിക്കാൻ നൽകുന്നു. അതിൽ നിന്നും വായിക്കാൻ പ്രയാസമുള്ള പദങ്ങൾ വാക്യങ്ങൾ എന്നിവ കണ്ടെത്തുകയും അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു. കേട്ടെഴുത്ത് എന്ന പ്രവർത്തനം ചെയ്ത് തെറ്റുകൾ തിരുത്തുന്നു. ചിഹ്നത്തെ കുറിച്ചുള്ള ബോധം ഉറപ്പിക്കുന്നു. കുടുതൽ ഉദാഹരണം നൽകി ചിഹ്നങ്ങൾ വീണ്ടും ഉറപ്പിക്കുന്നു. പാഠഭാഗം തെറ്റു കൂടാതെ വായിപ്പിക്കുകയും ചെയ്യുന്നു.

നവംബർ മാസത്തിൽ ലഘുകഥകൾ നൽകുന്നു. അധ്യാപികയുടെ സഹായത്താൽ വ്യക്തിഗതമായി വായിക്കുന്നു.

കഥയുടെ ആശയം വ്യക്തിഗതമായി പറയിപ്പിക്കുകയും തുടർന്ന് രചനയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

ഗ്രൂപ്പടിസ്ഥാനത്തിൽ കുട്ടികളെ തിരിച്ചതിനുശേഷം.

## പ്രവർത്തനം – 2

കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കൽ

## ആമുഖം

വായന വളർത്തുന്നതിനോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് സർഗ്ഗാത്മക രചനകൾ വളർത്തുക എന്നതും. കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന ഇത്തരം കഴിവുകൾ പ്രോത്സാഹനത്തിലൂടെ മാത്രമേ പുറത്തേക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ. സ്കൂളിൽ നടത്തുന്ന ദിനാചരണങ്ങളുടെ ഭാഗമായി കുട്ടികളെ കൊണ്ട് കഥകളും കവിതകളും ലേഖനങ്ങളുമൊക്കെ തയ്യാറാക്കിച്ചതിനുശേഷം കൈയ്യെഴുത്ത് മാസികയായി പ്രസിദ്ധീകരിക്കുന്നു.

**ലക്ഷ്യങ്ങൾ**

- സർഗ്ഗാത്മക രചന വളർത്തൽ, പ്രോത്സാഹനം നൽകൽ

**പ്രവർത്തനങ്ങൾ**

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികളോട് വ്യക്തിഗതമായി കവിതകൾ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി ലേഖനങ്ങൾ തയ്യാറാക്കുന്നു.

ജൂൺ 19 ന് വായന ദിനത്തോടനുബന്ധിച്ച് ഉപന്യാസവും വായനാകുറിപ്പും തയ്യാറാക്കിക്കുന്നു.

ജൂലൈ 5ന് ബഷീർ ചരമദിനത്തോടനുബന്ധിച്ച് ജീവചരിത്രകുറിപ്പ്, അനുസ്മരണ പ്രഭാഷണം എന്നിവ തയ്യാറാക്കിക്കുന്നു.

ജൂലൈ 19 ന് ബാലാമണിയമ്മയുടെ ജന്മദിനത്തോടനുബന്ധിച്ച് മാതൃസ്നേഹം എന്ന വിഷയത്തിൽ കവിതാരചന നടത്തുന്നു.

പത്രങ്ങൾ കുട്ടികൾക്ക് നൽകുന്നു. അധ്യാപിക പത്രത്തിലെ ഓരോ തലക്കെട്ടുകൾ വായിക്കുകയും അത് കണ്ടെത്താൻ ആവശ്യപ്പെടുകയും ചെയ്യുന്നു. മത്സരാടിസ്ഥാനത്തിൽ ഈ പ്രവർത്തനം നടത്തുന്നു.

ജനുവരി മുതൽ ഫെബ്രുവരി വരെ

ഓരോ കുട്ടിയും അവരെക്കുറിച്ച് (വീട്, സ്ഥലം, രക്ഷിതാക്കൾ, സ്വപ്നങ്ങൾ, ഇഷ്ടങ്ങൾ, കഴിവുകൾ) എഴുതി കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. ഞാൻ എന്നെക്കുറിച്ച് എന്ന തലക്കെട്ടും നൽകുന്നു.

ചെറുകവിതകൾ (കുഞ്ഞുണ്ണിമാഷ്) കുട്ടികൾക്ക് നൽകുകയും അധ്യാപികയുടെ സഹായത്താൽ വ്യക്തിഗതമായി വായിപ്പിക്കുന്നു.

അധ്യാപിക ഭാവാത്മകമായി വായിച്ചു നൽകുന്നു.

ഗ്രൂപ്പടിസ്ഥാനത്തിൽ ഈണം കണ്ടെത്താൻ ആവശ്യപ്പെടുകയും ഈണത്തിൽ ചൊല്ലിപ്പിക്കുകയും ചെയ്യുന്നു.

ആവർത്തന സ്വഭാവമുള്ള അക്ഷരങ്ങൾ, പദങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതിക്കുകയും ചെയ്യുന്നു.

മുൻപ് പഠിച്ച കവിതകളിലെ അത്തരം വരികൾ കണ്ടെത്തി കൊണ്ടുവരാൻ ആവശ്യപ്പെടുന്നു.

**നേട്ടങ്ങൾ**

- അക്ഷരവും അടയാളവും ഉറയ്ക്കുന്നു.
- വാക്യങ്ങൾ സ്വന്തമായി തയ്യാറാക്കുന്നു.
- എഴുത്ത്, വായന എന്നിവയിലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ സാധിക്കുന്നു.

## പ്രവർത്തനം 3

എല്ലാ കുട്ടികളെയും വായനയിൽ താത്പര്യമുള്ളവരാക്കി മാറ്റുക

## ആമുഖം

പഠനം ഒരിക്കലും പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങളിൽ ഒതുങ്ങി നിൽക്കരുത്. അറിവിന്റെ ഒരംശം മാത്രമേ കുട്ടികൾക്ക് പാഠപുസ്തകത്തിൽ നിന്നും ലഭിക്കുകയുള്ളൂ. അവരുടെ ചിന്തകൾക്ക് എപ്പോഴും സ്വാതന്ത്ര്യം കൊടുക്കാൻ നാം ശ്രമിക്കണം. അങ്ങനെ ചിന്തകൾ വളരണമെങ്കിൽ വായന നന്നായി പുരോഗമിക്കണം. ചിന്തകൾ വളർത്താനും അതുപോലെ തന്നെ എഴുത്തിലുള്ള അവരുടെ കഴിവ് വികസിപ്പിക്കുന്നതിന്വായനാക്കുറിപ്പും സഹായിക്കും.

## ലക്ഷ്യം

- വായന കൂടുതൽ ആത്മാർത്ഥമാക്കുന്നു.
- വായന ഒരു ലഹരിയായി മാറുന്നു.
- കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടുന്നു.

## പ്രവർത്തനങ്ങൾ

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുന്നു. ക്ലാസ്സടിസ്ഥാനത്തിൽ ഈ പ്രവർത്തനം ചെയ്യുന്നു.

ക്ലാസ്സിലെ കുട്ടികളെ പുസ്തകങ്ങളുടെ പേരിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പായി തിരിക്കുന്നു.

ജൂലൈ 28 പ്രകൃതിസംരക്ഷണ ദിനത്തോടനുബന്ധിച്ച് ലേഖനം തയ്യാറാക്കിക്കുന്നു.

സെപ്റ്റംബർ 5 അധ്യാപക ദിനത്തിന് ഡോ. എസ്. രാധാകൃഷ്ണനെക്കുറിച്ച് ജീവചരിത്രകുറിപ്പ് തയ്യാറാക്കുന്നു.

ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് പ്രഭാഷണവും ലേഖനവും തയ്യാറാക്കുന്നു.

നവംബർ 1 കേരളപ്പിറവി ദിനത്തിൽ കേരളത്തിന്റെ ആത്മഗതം തയ്യാറാക്കുന്നു.

നവംബർ 19 മാതൃദിനത്തോടനുബന്ധിച്ച് കഥ, കവിത എന്നിവ തയ്യാറാക്കുന്നു.

ജനുവരി മാസത്തിൽ കുട്ടികളുടെ രചനകൾ ഭാഷാധ്യാപകർ വിലയിരുത്തി എഡിറ്റിംഗ് നടത്തി കൂടുതൽ മെച്ചപ്പെട്ടവ കണ്ടെത്തുന്നു. കൈയ്യെഴുത്ത് മാസികയുടെ രൂപത്തിൽ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ അത് തയ്യാറാക്കുന്നു.

ഫെബ്രുവരിയിൽ നടത്തുന്ന സ്കൂൾ വാർഷികാഘോഷത്തിൽ അത് പ്രസിദ്ധീകരിക്കുന്നു.

**നേട്ടങ്ങൾ**

- സർഗ്ഗാത്മക രചനകൾ എഴുതാനുള്ള താല്പര്യം കുട്ടികളിൽ വർധിക്കുന്നു.
- കുട്ടികളിൽ ആത്മവിശ്വാസം വളരുന്നു.

ജൂലൈ മാസത്തിൽ അഞ്ച് പുസ്തകങ്ങൾ വീതം ഓരോ ക്ലാസ്സും നൽകുന്നു. ഗ്രൂപ്പടിസ്ഥനത്തിൽ പുസ്തകങ്ങൾ കൈമാറി വായിപ്പിക്കുന്നു. നവംബർ മാസത്തോടെ ഈ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നു. വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കിക്കുന്നു.

ഭാഷധ്യാപകരുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത വായനാകുറിപ്പുകൾ സമാഹരിക്കുന്നു. ഒരു വർഷത്തോളം നീണ്ടുനിന്ന ഈ പ്രവർത്തനത്തിലൂടെ വായനാക്കുറിപ്പുകളുടെ സമാഹാരം തയ്യാറാക്കുക എന്ന ലക്ഷ്യത്തിലെത്തിച്ചേരുന്നു.

സ്കൂൾ വാർഷികാഘോഷദിനത്തിൽ വായനാകുറിപ്പ് സമാഹരം പ്രസിദ്ധീകരിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സംസ്കൃതം

## ആമുഖം

വിദ്യാർത്ഥികളിൽ സംസ്കൃത ഭാഷാ അവബോധം സൃഷ്ടിക്കുന്നതിനും വായനാശീലം വളർത്തുന്നതിനും സർഗ്ഗവാസനകൾ വികസിപ്പിക്കുന്നതിനുള്ള ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. പഠനമികവിലേക്ക് ഉയരുന്നതിന് ഐ.ടി. സാധ്യതകളും ചേർത്തുള്ള ചെറിയ പ്രവർത്തനങ്ങളിലൂടെ സംസ്കൃത അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം സൃഷ്ടിക്കുകയും ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ പ്രാപ്തരാവുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

**പൊതുലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും സംസ്കൃതം നന്നായി എഴുതാനും വായിക്കുവാനുള്ള ശേഷികൾ വികസിപ്പിക്കൽ
- കുട്ടികളിലെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കൽ
- സംസ്കൃത പഠനത്തിൽ താത്പര്യം ഉണ്ടാകുന്നു. ഭാഷാപഠനം രസകരമാക്കുന്നു.
- സംസ്കൃത ഭാഷയിൽ സംസാരിക്കാനുള്ള കഴിവ് നേടുന്നു.
- സംസ്കൃത ഭാഷയിൽ സംസാരിക്കുന്നതിനുള്ള ആവശ്യമായ സംഭാഷണ ശിബിരക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- പാഠഭാഗങ്ങളുടെ വായന നിർബന്ധമാക്കുന്നു.

## പ്രവർത്തനം – 1

## സംസ്കൃതശിബിരം

ഭിന്നശേഷി ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സംസ്കൃതം അനായാസമായി എഴുതാനും വായിക്കുവാനുള്ള ശേഷി നേടൽ.

ഇതിനായി സംസ്കൃത അക്ഷരങ്ങളും അടയാളങ്ങളും അക്ഷരരൂപങ്ങളുടെയും വർണ്ണചിത്രങ്ങളുടെയും സഹായത്താൽ കുട്ടികളുടെ മനസ്സിൽ ഉറപ്പിക്കുന്നു.

അക്ഷര കാർഡ് നൽകി അക്ഷരം തിരിച്ചറിയാനും അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക നൽകി അതിൽ നിന്നും ചെറിയ ചെറിയ വാക്കുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കുന്നു.

ചിത്രം നൽകി അതിന്റെ അടിസ്ഥാനത്തിൽ കഥ പറയുന്നതിനും കഥ എഴുതുന്നതിനും ചിത്രത്തിനു അടികുറിപ്പ് നൽകുന്നതിനും വേണ്ട പ്രോത്സാഹനം നൽകും. കൂടാതെ പ്രശസ്ത സാഹിത്യകാരന്മാർ നേതാക്കൾ എന്നിവരുടെ ചിത്രങ്ങളും പേരുകളും ശേഖരിച്ച് വായനയ്ക്ക് നൽകും.

ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് നൽകും.

ഇതിലേക്കായി സംസ്കൃത അക്ഷരരൂപങ്ങൾ സംസ്കൃത അക്ഷരചാർട്ടുകൾ, സംസ്കൃത പുസ്തകങ്ങൾ, സംസ്കൃത ലഘുമാസികകൾ എന്നിവ ലൈബ്രറിയിൽ ലഭ്യമാക്കും.

## പ്രവർത്തനം – 1

കുട്ടികളെ മികച്ച സംസ്കൃതം എഴുത്തുകാരനാക്കുക.

വിദ്യാർത്ഥികൾക്ക് ക്ലാസ്സ്, ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയുടെ സഹായത്താൽ ചെറുകഥ, നോവലുകൾ, കവിതകൾ, പുരാണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.

കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയത്തിന്റെ അടിസ്ഥാനത്തിൽ കഥകളോ, കവിതകളോ തയ്യാറാക്കാനും, വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കാനും, രചയിതാക്കളെ പരിചയപ്പെടാനും, വ്യക്തിഗത രചന, സംഘരചന, ഭാഷാപ്രൊജക്ട് തയ്യാറാക്കാനും പ്രോത്സാഹിപ്പിക്കുന്നു.

## പ്രവർത്തനം – 3

## കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കൽ

ഇതിലേക്കായി കുട്ടികളുടെ വായന വളർത്തുന്നതിനോടൊപ്പം തന്നെ പ്രധാനമായുള്ളതാണ് അവരുടെ സർഗ്ഗാത്മക രചന വളർത്തുക എന്നതും, കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന ഇത്തരം കഴിവുകൾ പ്രോത്സാഹനത്തിലൂടെ മാത്രമേ പുറത്തേക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ.

## പ്രവർത്തനം – 4

## ദിനാചരണങ്ങൾ

സംസ്കൃതദിനം, പരിസ്ഥിതിദിനം, ശിശുദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ളിക് ദിനം തുടങ്ങിയ പ്രാധാന്യമുള്ള ദിനങ്ങളിൽ സംസ്കൃത ഭാഷയിൽ Poster തയ്യാറാക്കി പ്രദർശിപ്പിക്കും. വിദ്യാർത്ഥികൾ നടത്തുന്ന ഏതൊരു പ്രവർത്തനത്തിനും സംസ്കൃത സാന്നിദ്ധ്യം ഉറപ്പുവരുത്തും

## പ്രവർത്തനം - 5

## സംസ്കൃത ക്ലാസ്സ്

ഈ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിലേക്കായി സംസ്കൃത ക്ലാസ്സ് പ്രവർത്തനങ്ങൾ വിപുലീകരിക്കും. സംസ്കൃത ഡോക്യുമെന്ററി കാണാനുള്ള അവസരം, വാർത്തകൾ കേൾക്കാനുള്ള അവസരം, സംസ്കൃത കവിതകൾ, ഓഡിയോ കേൾക്കാനുള്ള അവസരം, ക്വിസ് പ്രോഗ്രാം അവതരിപ്പിക്കും. ഇത്തരം പ്രവർത്തനത്തിലൂടെ കുട്ടികളുടെ ആത്മവിശ്വാസം വളരുകയും അവരെ മികച്ച വിദ്യാർത്ഥി ആക്കുകയും അവർ ഉദ്ദേശിച്ച ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം |
|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും സംസ്കൃതം വായിക്കാനും എഴുതാനുമുള്ള ശേഷി നേടൽ | അക്ഷരം, ചിഹ്നം എന്നിവ തിരിച്ചറിയൽ, പദനിർമ്മാണം, വാക്യങ്ങൾ നിർമ്മിക്കൽ | 1 വർഷം |
| 2 | എല്ലാ കുട്ടികളെയും മികച്ച എഴുത്തുകാരാക്കുക | ക്ലാസ്സ് സ്കൂൾ ലൈബ്രറി മുഖേന പുസ്തകൾ വിതരണം ചെയ്യൽ, വിഷയങ്ങൾ നൽകി പതിപ്പ് തയ്യാറാക്കുന്നു. | 6 മാസം |
| 3 | കുട്ടികളുടെ സർഗ്ഗാത്മക ശേഷി വികസിപ്പിക്കൽ | കഥാരചന, കവിതാ രചന എന്നിവ സംഘടിപ്പിക്കൽ. അവ ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ | 6 മാസം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബി

## ലക്ഷ്യങ്ങൾ

- ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബിഭാഷ പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കുക
- കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
- വായനയിലൂടെയും എഴുത്തിലൂടെയും പ്രാക്ടീസിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഒരുക്കുക
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടങ്ങളിലൂടെ കുട്ടികളിൽ എത്തിക്കുക.
- ഭാഷാ പഠനത്തിൽ ഐ.ടി. സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- സർഗ്ഗശേഷികൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക.

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അറബി ഭാഷയിൽ പരിമിതിയുള്ള കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകി നിപുണരാക്കുക. | ♦ ടെസ്റ്റ് നടത്തി ഭാഷാപരിമിതിയുള്ളവരെ കണ്ടെത്തുക.<br>♦ അക്ഷരങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്ന തരം കളികൾ നൽകുക.<br>♦ വാക്കുകൾ നിർമ്മിക്കാനും അർത്ഥങ്ങൾ തിരിച്ചറിയാനും വേണ്ടിയുള്ള പ്രവർത്തനം നൽകുക.<br>♦ പദപയറ്റ്, പദകേളി തുടങ്ങിയ കളികൾ ക്ലാസ് റൂമിൽ നടത്തുക. | ഹ്രസ്വം | വർക്ക് ഷീറ്റുകൾ<br>മൊബൈൽ<br>ഡിക്ഷ്ണറി | അധ്യാപകൻ |
| | വായന<br>♦ കുട്ടിയെ നല്ല വായനക്കാരനാക്കുക | ♦ വിവിധതരം വായനാ കളികൾ (വായനാ മത്സരങ്ങൾ) നടത്തുക<br>♦ അറബിക് ലൈബ്രറി ഒരുക്കുക.<br>ക്ലാസ് വായന<br>♦ പാഠപുസ്തക വായന<br>♦ വായിച്ച ബുക്കുകൾ രേഖപ്പെടുത്തലും ആസ്വാദനം തയ്യാറാക്കലും<br>♦ നല്ല ആസ്വാദനത്തിന് സമ്മാനം നൽകുക. | ദീർഘം | ക്ലാസ് ലൈബ്രറി<br>പാഠപുസ്തകങ്ങൾ<br>സ്കൂൾ ലൈബ്രറി | അധ്യാപകൻ |
| | എഴുത്ത്<br>♦ അക്ഷരത്തെറ്റ് കൂടാതെ നന്നായി എഴുതാൻ കുട്ടിയെ നിപുണനാക്കുക | ♦ ഖത്ത് റുക്ക്അ് ലിപികളിൽ അറബിക് നന്നായി എഴുതാൻ പഠിപ്പിക്കുക.<br>♦ പുസ്തകങ്ങൾ വായിച്ച് നല്ല ആസ്വാദന കുറിപ്പുകൾ എഴുതാനുള്ള കഴിവ് വളർത്തുക | ദീർഘം | സ്കൂൾ/ക്ലാസ് ലൈബ്രറികൾ<br>ഡിക്ഷ്ണറി | അധ്യാപകൻ |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | • പോസ്റ്ററുകൾ നിർമ്മിക്കൽ<br>• ഒരു പദം ഒരു ദിനം എന്ന പരിപാടി സംഘടിപ്പിക്കുക | | ചാർട്ടുകൾ | |
| | ആസ്വാദനലോകം<br>• അറബിക് ക്ലബ്ബ്<br>• അറബിക് അസംബ്ലി | • സർഗാത്മക - പ്രതിഭകളെ കണ്ടെത്തി, അവരെ വികസിപ്പിക്കാനും, മറ്റുള്ളവർക്ക് പരിശീലനം നൽകുവാനുമുള്ള അവസരം സൃഷ്ടിക്കുക.<br>• അറബിക് കലാമേളകളിൽ പങ്കെടുക്കാൻ<br>• കുട്ടികളെ പ്രാപ്തരാക്കുന്ന പരിശീലനം നൽകുക. | ദീർഘം | സ്കൂൾ ഹാൾ<br>മൊബൈൽ<br>ടാബ് | അധ്യാപകൻ |
| 4 | പദപരിചയം<br>ഒരു പദം ഒരു ദിനം | അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും ഓരോ പദവും അർത്ഥവും ബോർഡിൽ എഴുതുന്നു.<br>• പദം നോട്ടീസ് ബോർഡിൽ പതിക്കുന്നു.<br>• ആഴ്ചയിലൊരിക്കൽ സ്കൂൾ റേഡിയോയിലൂടെ മത്സരം നടത്തുന്നു. | ദീർഘം | സ്കൂൾ റേഡിയോ | അധ്യാപകൻ |

# Academic Master Plan - English

| Objectives | Activities | Duration | Resource Support |
|---|---|---|---|
| Learners Improve their comprehension through authentic english dialogues | English Film Festival | 3 times a year (once per term | School Theatre |
| Learners familiarize with the letters and sound | Letter Card | 9 Month | English Teacher |
| Learners use english creatively in various situations | English Magazine | 1 year | English Teacher |

# Master Plan 2025 - 26

## English

**English Film Festival**

### Activity 1

**Objectives**

- Enbrance listening comprehension through authentic english dialogues.
- Introduce students to cultural thematic content through films.
- Develop critical thinking and communication skills through discussion and review writing.

**Process**

1. Select age-appropriate English Short films or excerpts from movies.
2. Screen the films using the school facility to create a cinematic experience.
3. Initiate class or group discussion on themes, characters and language.
4. Students write a brief film review or character sketch.

**Outcome**

1. Improved comprehension and expression in English
2. Enhanced critical thinking and public speaking through review writing and performance

**Duration :** 3 times a year (once per term)

**Responsible :** English Teacher

**Resources :** School theatre, Short films, Review worksheet, Script.

**Activity 1 : Letter Cards**

Letter cards are really good and are more suited for low level learners. Letter recognition is important because it enables beginners to figure out how printed text is associated with the spoken language. Having a mastery of letter names can make learning letter sounds easier for beginners.

**Objectives**

The earners

- familiarize with the letters and sounds.
- make simple sentences
- pronounce, spelt the words correctly.

**Process**

First we can make use of letter cards in order to familiarize the sounds and letters. For this we need at least 3 months (June - August). Then we can slowly move on to words. First make the learners learn words which they use in their day to day life and after that we can introduce more words. It will take another 3 months to make them learn new words (September - November). By the end of November they may learnto read and write simple words. We can evaluate by asking them to write as many words as possible from an eight letter word which is given by the teacher. Then we can slowly move on to sentence by December. We need 3 months (December - February) to make the learners write simple sentences.

**Outcome**

The learners will be able to

- write words and sentences without mistakes.
- read words and sentences without mistakes.

**Activity 3 : English Magazine**

English Magazines are great for learning English because it can improve the vocabulary, comprehension, creativity and writing skills of the learners. Making an English Magazine is a project that will appeal to most groups as it allows individuals to work on what interest them.

**Objectives**

The earners

- use English creatively in various situations
- write their own stories, poems, articles etc.
- develop power of thinking and strengthen their imagination.

**Process**

Teacher can provide different themes for each month which will inspire students to read books other than their text books. World Environment Day is on June 5. So teacher can give theme related to environment on June. Students can write stories, poems, posters, placards or can collect and write information relating to the theme. We can also include interesting themes such as beauty tips, recipes, jokes, comic strips, film reviews, puzzles, technology pages, fashion etc. Final editing is done in December, Magazine can be published in January during the School Annual Day.

**Outcome**

The learners will be able to

- improve their communication skill and develop creativity.
- develop regular writing habit.
- develop a sense of pride, ownership and motivation to continue to create work that is worthy of attention.

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര ചേന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെളിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>**Readery fight** ഉത്തരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# പ്രവർത്തന പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8,9 ക്ലാസ്സുകളിൽ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ (ശ്രദ്ധ, നവപ്രതിഭ ക്ലാസ്സുകളിൽ) | പദങ്ങൾ നൽകി ചെറിയ കവിത എഴുതിക്കൽ | 2025 ജൂൺ ആദ്യവാരം<br>2025 ജൂൺ രണ്ടാം വാരം | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ | പി.ടി.എ |
| | ചിത്രവായന നൽകുന്നു<br>കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിക്കുന്നു | 2025 ജൂൺ രണ്ടാം വാരം<br>2025 ജൂൺ മൂന്നാം വാരം | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ | പി.ടി.എ |
| | ഓരോ പ്രവർത്തനത്തെയും വിലയിരുത്തുന്നു | 2025 ആഗസ്റ്റ് രണ്ടാം വാരം | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ | പി.ടി.എ |
| | പഠനത്തിൽ പിന്നാക്കമുള്ളവർക്ക് പ്രത്യേകം ക്ലാസ്സ് നൽകുന്നു | 2025 സെപ്റ്റംബർ രണ്ടാം വാരം | HM ബന്ധപ്പെട്ട അധ്യാപകർ | പി.ടി.എ |
| കുട്ടികളിലെ വായനാശീലം മെച്ചപ്പെടുത്തുന്നു. എല്ലാ കുട്ടികൾക്കും ഹിന്ദി നന്നായി വായിക്കുവാനുള്ള ശേഷി നേടൽ | അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നു. | ജൂൺ 3-ാം വാരം | ഹിന്ദി അധ്യാപകർ | പി.ടി.എ |
| | ക്ലാസ്സുകളിൽ പാഠഭാഗം വ്യക്തിപരമായി വായിപ്പിക്കുന്നു | | | |
| | ക്ലാസ്സുകളിൽ വായനാമൂല തയ്യാറാക്കുന്നു | | | |
| | സ്കൂൾ ലൈബ്രറിയിൽ ഹിന്ദി കഥാപുസ്തകങ്ങൾ സജ്ജീകരിക്കുന്നു | ജൂൺ മൂന്നാം വാരം | ഹിന്ദി അധ്യാപകർ | പി.ടി.എ |
| | ഹിന്ദി ക്ലബ്ബ് എല്ലാ ക്ലാസ്സുകളിലും | ജൂൺ നാലാം വാരം | | |
| | ഹിന്ദി അസംബ്ലി (ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ) | | | |

| | | | | |
|---|---|---|---|---|
| | സ്കൂൾസഭ/ബാലസഭ നടത്തുന്നു<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിപ്പിക്കുന്നു.<br>(ദിനാചരണങ്ങളിൽ)<br>വായനാമത്സരം നടത്തുന്നു<br>ഹിന്ദി ഉച്ചാരണങ്ങൾ, സംപ്രേഷണം ചെയ്യുന്നു.<br>വായനാമത്സരം മോണിറ്ററിംഗ് നടത്തുന്നു<br>ഹിന്ദി ഡിജിറ്റൽ ലൈബ്രറിയിൽ പി.ഡി.എഫ് വീഡിയോസ് ചിത്രങ്ങൾ, വായനാ സാമഗ്രികൾ എന്നിവ ശേഖരിക്കുന്നു. | ജൂലൈ<br>സെപ്റ്റംബർ | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | പി.ടി.എ.<br>(എസ്.എസ്.എ)<br>പൂർവ്വവിദ്യാർത്ഥി സംഗമം മറ്റ് സ്രോതസ്സുകൾ |
| ഹിന്ദി പഠിക്കാനുള്ള താത്പര്യം വർദ്ധിപ്പിക്കുന്നു | ഹിന്ദി പ്രവർത്തനബോർഡ് ഓരോ ക്ലാസ്സിലും തയ്യാറാക്കി വയ്ക്കുന്നു.<br>ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ<br>ഹിന്ദി പത്രം, ഇ-പേപ്പർ ലഭ്യമാക്കാം<br>ഹിന്ദി മാഗസീൻ<br>അവരുടെ സ്വന്തം ഹിന്ദി ബുക്ക്/ കുട്ടികൾ ഇഷ്ടപ്പെട്ട പേര് നൽകുന്നു/ ഇതിൽ കുട്ടി ശേഖരിക്കുന്ന ഹിന്ദിയുമായി ബന്ധപ്പെട്ടവ ഉൾപ്പെടുത്തുന്നു<br>പാഠഭാഗവുമായി ബന്ധപ്പെട്ട സന്ദേശം എഴുതുക<br>മികച്ച വായനാക്കുറിപ്പിന് ലഘുവിഷയങ്ങൾ നൽകി സ്വതന്ത്രരചനകൾ എഴുതാൻ പരിശീലിപ്പിക്കുന്നു | ഒക്ടോബർ<br>ഡിസംബർ<br>എല്ലാ മാസങ്ങളിലും പ്രാധാന്യമനുസരിച്ച് പ്രത്യേക അസംബ്ലിയിൽ | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ്/ഹിന്ദി എസ്.ആർ.ജി<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ | പി.ടി.എ.<br>(എസ്.എസ്.എ)<br>പി.ടി.എ.<br>(എസ്.എസ്.എ) |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ഹിന്ദി എഴുതാനുള്ള ശേഷി നേടൽ | മാനക് ലിപി മനസ്സിലാക്കിപ്പിക്കുന്നു (ഹിന്ദി ലിപി)<br>സ്കൂൾ നെയിം ബോർഡ് തയ്യാറാക്കുന്നു<br>ഹിന്ദി സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിക്കാനുള്ള വിവരണങ്ങൾ ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു | ജൂലൈ | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ്<br><br>ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | പി.ടി.എ.<br>(എസ്.എസ്.എ) |
| | നിരന്തര മൂല്യനിർണ്ണയത്തിലൂടെ ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തുന്നു | | | |
| | ഹിന്ദി നോട്ട് പുസ്തകം സമഗ്രവും ആകർഷകവുമാക്കുന്നു<br>എന്റെ പ്രിയ ഹിന്ദി ഡയറി തയ്യാറാക്കൽ<br>ഓരോ ടേം മൂല്യനിർണ്ണയം കഴിഞ്ഞാൽ ഉടൻ പിന്നാക്കക്കാർക്ക് വർക്ക് ഷീറ്റ് തയ്യാറാക്കി നൽകുന്നു, ഫലപ്രദമാക്കുന്നു<br>പഠനവിനോദയാത്ര ഹിന്ദിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലേയ്ക്ക് വർഷംതോറും ആസൂത്രണം ചെയ്ത് നടപ്പിലാക്കണം | | | |

## മേഖല–ഭാഷാപഠനം

### ഉപമേഖല: ഹിന്ദിഭാഷാപഠനം

### വിദ്യാർത്ഥികളിൽ ഹിന്ദി ഭാഷാപരമായ പിന്നാക്കവസ്ഥ പരിഹരിക്കൽ

### കുട്ടികളിൽ ഹിന്ദിഭാഷാപഠനം എങ്ങനെ ആസ്വാദ്യമാക്കാം

#### ആമുഖം

ഹിന്ദി അക്ഷരമാല പരിചയത്തിലൂടെ ആരംഭിക്കുക. അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് എഴുതുവാനും വായിക്കുവനുമുള്ള ഒരു കഴിവ് വളർത്തിയെടുക്കുക.

ഈ പരിപാടിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ക്ലാസ്സ് മുറിയിൽ യാഥാർത്ഥ്യമാക്കുക. ക്രമവും തീവ്രമായ പരിശീലനവും പിന്തുണയും കുട്ടികൾക്ക് നൽകിയാൽ വളരെ മെച്ച്പ്പെട്ട പ്രതിഫലനങ്ങൾ ഹിന്ദിഭാഷാജ്ഞാനത്തിൽ നേടി പിന്നാക്കവസ്ഥ പരിഹരിക്കാൻ സാധിക്കും.

#### ലക്ഷ്യങ്ങൾ

- 6, 7 ക്ലാസ്സുകളിലെ മുഴുവൻ കൂട്ടുകാരെയും വിവിധ തലങ്ങളിലൂടെയും സ്വയം വിലയിരുത്തലിലൂടെയും കഴിവും പ്രാപ്തിയുമുള്ളവരാക്കി തീർക്കുക.
- ഭാഷാപഠനം കൂട്ടുകാരെ ആസ്വാദ്യകരമാക്കുക.
- നേടിയ അറിവുകൾ പ്രകടിപ്പിക്കുവാൻ സങ്കേതങ്ങൾ പരിചയപ്പെടുത്തുക.
- രക്ഷിതാക്കളെ ഭാഷാപഠനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
- പാർശ്വവത്ക്കരിക്കപ്പെട്ടവരെ പരിഗണിക്കുക.

#### പ്രവർത്തനങ്ങൾ

- വിദ്യാർത്ഥികളെ അക്ഷര വെളിച്ചത്തിലേക്ക് നയിക്കാൻ പരമാവധി അവസരങ്ങൾ ഒരുക്കുന്നു.

- എല്ലാ ക്ലാസ്സുകളിലും ഹിന്ദി ഭാഷയുമായും മറ്റ് ഭാഷകളുടെ സഹായത്തോടെയും തയ്യാറാക്കിയ വിവിധ രീതികൾ പരിചയപ്പെടുത്തുന്നു.
- ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തി പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ സഹായിക്കുന്നതിന് രക്ഷിതാക്കളുടെ സഹായം തേടുന്നു.

### നേട്ടങ്ങൾ

- വിദ്യാർത്ഥികൾക്ക് വായിക്കുവാനുള്ള അറിവ് നേടാൻ കഴിഞ്ഞു.
- ഹിന്ദി ഭാഷയിലെ അക്ഷരതെറ്റുകൾ കുറഞ്ഞു.
- ഹിന്ദി ഭാഷാശേഷി വികസിച്ചു.
- ബാലസർഗ്ഗാത്മകതവികസിച്ചു.

## ഹിന്ദി വായനാശേഷി വികസിപ്പിക്കൽ

### ആമുഖം

വായന അറിവും ആവേശവും നൽകുന്നതാണ്. ആസ്വാദ്യകരമായ വായനയിൽ തുടങ്ങുക. സ്കൂളിൽ വച്ചാണ് വായന വളരുന്നത്. കൃത്യവും വ്യക്തവുമായ വായന വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. വായനയ്ക്ക് ക്രമവും തീവ്രവുമായ പരിശീലനവും പിന്തുണയും കുട്ടികൾക്ക് നൽകുക.

### നേട്ടങ്ങൾ

- ക്ലാസ്സ് മുറിയിൽ മുഴുവൻ കുട്ടികളെയും വായനയിൽ താത്പര്യമുള്ളവരാക്കി മാറ്റുക
- വായനയുടെ വിവിധതലങ്ങൾ അവരെ പരിശീലിപ്പിക്കുക.
- വായനയിലൂടെ നേടിയ അറിവുകൾ പ്രകടിപ്പിക്കുന്നതിന് ആവശ്യമായ സങ്കേതങ്ങൾ പരിചയപ്പെടുത്തുന്നു.

## Public Speaking

രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രക്രിയയും ബോധ്യപ്പെടുത്തുക. വായന അറിവ് നിർമ്മാണ പ്രക്രിയയുടെ ആദ്യത്തെ ചവിട്ടുപടിയാണ്. അതിലൂടെ സ്വയം വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള കഴിവും പ്രാപ്തിയുള്ളവരായി കുട്ടുകാരെ മാറ്റുക.

### പ്രവർത്തനങ്ങൾ

- ക്ലാസ്സ് മുറിയിൽ പഠനഭാഗവുമായി ബന്ധപ്പെട്ട വിവിധ വായന നടത്തുന്നു. (വ്യക്തിഗത വായന, മൗനവായന, കൂട്ടവായന)
- ആഴ്ചയിൽ ഒരു ദിവസം ഹിന്ദി ചെറുകഥ വായിപ്പിക്കൽ
- 8, 9 ക്ലാസ്സുകളിൽ ആഴ്ചയിൽ ഒരുദിവസം പോയ വാരത്തെ പ്രധാന സംഭവങ്ങൾ വായിപ്പിക്കൽ.
- ഓരോ മാസവും ക്ലാസ്സ് പി.ടി.എ. യോഗങ്ങളിൽ വായനാ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നു.
- കുട്ടികളുടെ വായനാ അവസരങ്ങൾ വർദ്ധിപ്പിക്കാൻ ബാലമാസികകൾ/ പുസ്തകങ്ങൾ സഹായകമാകുന്നു.
- വായനക്കായി വായനാമുറി ക്രമീകരിക്കുന്നു.
- വായനാവിശേഷങ്ങൾ, ആനുകാലിക പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതിന് സഹായകമായ പോസ്റ്റർ മുദ്രാവാക്യം തയ്യാറാക്കുന്നു.
- മികച്ച വായന അസംബ്ലിയിൽ അവതരിപ്പിക്കുന്നു.
- വായനാമാധുര്യം നുണഞ്ഞ് ഉയർന്നതലങ്ങളിലേക്ക് മികവുണ്ടാക്കുന്നു. മികച്ചവരെ പ്രോത്സാഹിപ്പിക്കാൻ വായനാപ്രതിഭ/വായന പുരസ്ക്കാരം നൽകുന്നു.
- പഠനത്തിന് പുറമെയുള്ള വായനയ്ക്കായി അവസരമൊരുക്കുന്നു.

### നേട്ടങ്ങൾ

- വായന എന്ന അവബോധം കുട്ടികൾക്ക് ഉണ്ടാകുന്നു.
- കുട്ടികളിൽ വായനാശീലം വർദ്ധിച്ചു വായന വൈകല്യങ്ങൾ കുറഞ്ഞു

- വായനയെ തുടർന്നുള്ള ആശയപ്രകടനം വികസിച്ചു.
- കുട്ടികളിലെ പ്രവർത്തനങ്ങളിൽ അധ്യാപകർക്ക് ആത്മവിശ്വാസം വർദ്ധിച്ചു.
- വിദ്യാലയത്തിലെ എല്ലാ കുട്ടികളും നന്നായി വായിക്കുവാനുള്ള ശേഷി നേടി.

## ആമുഖം

കുട്ടികളുടെ മികച്ച പഠന തെളിവിനായി എഴുതാൻ പ്രോത്സാഹിപ്പിക്കുക. പ്രോത്സാഹനത്തിനായി പ്രവർത്തനങ്ങൾ പരീക്ഷിച്ച് നോക്കാം.

# എഴുതാനായി ഒരു പ്രവർത്തന പദ്ധതി

## പ്രവർത്തനങ്ങൾ

എഴുത്തിനെ പരിപോഷിപ്പിക്കുന്നതിനായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനം എഴുത്തുകൂട്ടം രൂപീകരണം

കൂട്ടുകാരുടെ എഴുത്തുകൂട്ടരൂപീകരണം പ്രവർത്തനങ്ങൾ കൂട്ടായ്മയോടെ നടപ്പാക്കാൻ സഹായമാകും. എഴുതാനുള്ള ചുമതലകൾ നൽകുമ്പോൾ കുട്ടികൾ ഉത്തരവാദിത്വത്തോടെ ക്ലാസ്സ് പ്രവർത്തനങ്ങൾ ചെയ്യുന്നു. ഓരോ മാസവും നടക്കുന്ന ക്ലാസ്സ് പി.ടി.എ.യിൽ എഴുത്തുകൂട്ടം പരിചയപ്പെടുത്തലും അതിന്റെ അനുഭവം പങ്കിടലും. വായനാമുറിയിൽ തന്നെ എഴുതാനുള്ള ഒരുക്കങ്ങൾ ഉണ്ടാക്കണം.

## ലക്ഷ്യങ്ങൾ

ക്ലാസ്സ് മുറിയിലെ കൂട്ടുകാരെ എഴുതാൻ താല്പര്യമുള്ളവരാക്കി മാറ്റുക. എഴുത്തുകൂട്ടത്തിന്റെ വിവിധ തലങ്ങൾ അവരെ പരിശീലിപ്പിക്കാൻ കഴിയുന്നു. രക്ഷിതാക്കളെ എഴുത്തിന്റെ പ്രാധാന്യവും പ്രക്രിയയും ബോധ്യപ്പെടുത്തുക.

## നേട്ടങ്ങൾ

- അക്ഷരങ്ങൾ, വാക്കുകൾ, അടയാളങ്ങൾ ഉറപ്പിക്കാൻ കഴിഞ്ഞു.
- കുട്ടികൾക്ക് സ്വയം എഴുതാനുള്ള (സർഗ്ഗാത്മക സൃഷ്ടി) വർദ്ധിപ്പിക്കാൻ കഴിഞ്ഞു.
- കുട്ടികളിലെ അക്ഷരത്തെറ്റുകൾ കുറഞ്ഞു.
- ഭാഷാശേഷി വികസിച്ചു.
- പുസ്തകരചനയിൽ താത്പര്യം വർദ്ധിപ്പിക്കാൻ സാധിച്ചു

# ACADEMIC MASTER PLAN - BASIC SCIENCE UP & HS

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി, Enquiry Skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | സെമിനാർ : നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും പാരിസ്ഥിതിക പ്രാധാന്യം<br>• അഭിമുഖം:കർഷകനുമായി<br>• വിദഗ്ദ്ധരുടെ ക്ലാസ്സ് : കൃഷി ഓഫീസറിന്റെ ക്ലാസ്സ് | June to March<br>ഒരു വർഷം | HM<br>Teacher<br>കൃഷി ഓഫീസർ<br>കർഷകൻ | |
| 2 | പ്രപഞ്ച പ്രതിഭാസങ്ങളെ ആസ്വദിക്കുന്നതിനും അവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനുമുള്ള മനോഭാവം സൃഷ്ടിക്കുക. | • ജ്യോതിശാസ്ത്രസംബന്ധിയായ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പ്രവർത്തനം<br>• ശാസ്ത്ര അവബോധം വളർത്താൻ - ഫീൽഡ് ട്രിപ്പ് | June to March<br>ഒരു വർഷം | PTA<br>HM<br>ശാസ്ത്ര സാഹിത്യ പരിഷത്ത് | |
| 3 | പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക. | ആരോഗ്യകരമല്ലാത്ത ഭക്ഷണരീതിയിലൂടെയും ലഹരി ഉപയോഗത്തിന്റെ അപകടത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക<br>SPGയുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | June to March<br>ഒരു വർഷം | PTA<br>HM<br>Dietician | |
| 4. | കുട്ടികളിൽ ശാസ്ത്രജ്ഞന്മാരെ കുറിച്ച് അഭിനിവേശം ഉണർത്താനും അതുവഴി ശാസ്ത്രത്തോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കണം | ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള വിവരശേഖരണം ആൽബം തയ്യാറാക്കൽ<br>ശാസ്ത്രസിനിമകൾ പ്രദർശനം | June to March<br>ഒരു വർഷം | PTA<br>HM<br>Teachers | |

**പ്രവർത്തനം – 1**

**ആമുഖം :**

പച്ചക്കറി, നെൽകൃഷി എന്നിവയിലേയ്ക്ക് ആരും പുതുതായി കടന്നുവരുന്നില്ല. നെൽകൃഷിയെക്കുറിച്ചും പച്ചക്കറി പഴവർഗ്ഗ കൃഷിയെക്കുറിച്ചും ആഴത്തിലുള്ള അറിവ് ലഭിക്കുന്നതിനും ബോധവൽക്കരണത്തിനും വേണ്ടിയുള്ള പ്രവർത്തനമായിട്ട് നടത്താനുള്ള തീരുമാനമെടുത്തു.

**പ്രവർത്തനങ്ങൾ**

ജൂൺ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് കുട്ടികൾക്ക് ബോധവൽക്കരണം – 'കൃഷി' വിഷയം – സെമിനാർ – ഉപവിഷയങ്ങൾ – കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു.

ഉപവിഷയങ്ങൾ നൽകുന്നു.

- July to August - Data Collection
- September - സെമിനാർ സംഘടിപ്പിക്കൽ
- October - ക്ലാസ്സ് – കൃഷി ഓഫീസർ
- November - ചോദ്യാവലി തയ്യാറാക്കൽ
  അഭിമുഖം – കർഷകൻ
- December - വിത്ത് ശേഖരണം – വിതരണം – വീട്ടിൽ കൃഷി
- Jan to March - സെമിനാർ റിപ്പോർട്ട് – സമർപ്പണം
  – വീട്ടിൽ കൃഷി ചെയ്യുന്നതിന്റെ രേഖപ്പെടുത്തൽ

**പ്രവർത്തനം – 2**

**ആമുഖം** : ജ്യോതിശാസ്ത്ര സംബന്ധിയായ പ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നതിന് അധ്യാപകർക്കും പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്കും വൈഷമ്യം നേരിടുന്നുണ്ട്.

June - ചാന്ദ്രദിനം – ആചരണം – ക്ലാസ്സ്

From July - ഓരോ മാസവും വാനനിരീക്ഷണം – ഓരോ കുട്ടിയും രേഖപ്പെടുത്തൽ ശാസ്ത്ര പുസ്തകത്തിൽ

– വാനത്തിൽ മാപ്പു വരയ്ക്കുന്നു.

– അധ്യാപകരുടെ വിലയിരുത്തൽ – താരതമ്യം ചെയ്യൽ

അധിക വിവരം നൽകൽ

(ഓരോ മാസാന്ത്യം)

- പഠനയാത്ര : January - തിരുവനന്തപുരം പ്ലാനറ്റോറിയം

**പ്രവർത്തനം – 3**

**ആമുഖം** : ആരോഗ്യമല്ലാത്ത ഭക്ഷണരീതിയുടെയും ലഹരി ഉപയോഗത്തിന്റെയും അപകടങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനും അവരിലൂടെ സുരക്ഷാ സന്ദേശം സമൂഹത്തിലെത്തിക്കുന്നതിനും വേണ്ടുന്ന പ്രവർത്തനം.

- June 26 - ലഹരിവിരുദ്ധ ദിനാചരണം

തുടർന്ന് – കലാ ജാഥ സംഘടിപ്പിക്കുന്നു. (Placards)

- July - പോസ്റ്റർ നിർമ്മാണ മത്സരം
- August - Sept - കവിതാരചന, ചിത്രരചന (മത്സരം) വിലയിരുത്തൽ
  അഭിമുഖം – കർഷകൻ
- October - ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ക്ലാസ്സ്
- November - ഡയറ്റീഷ്യന്റെ ക്ലാസ്സ്

ആരോഗ്യകരമായ ഭക്ഷണ രീതികൾ വീടുകളിൽ പിൻതുടരാത്ത കുട്ടികളെ, ബോധവൽക്കരണം ചെയ്യുന്നതിനുള്ള ക്ലാസ്സ്

- December - January -

ഓരോ കുട്ടിയും, ഓരോ മാസം, ഓരോ ദിവസവും കഴിക്കുന്ന ആഹാരത്തിന്റെ Menu Chart തയ്യാറാക്കൽ

Feb അധ്യാപകരുടെ വിലയിരുത്തൽ

(സമീകൃത ആഹാര Menu ആണോ)

March ചർച്ച Balanced diet അല്ലാ എന്നു കണ്ടെത്തുന്നവർക്കുവേണ്ടി അധ്യാപകരുടെ Remedial Class.

**പ്രവർത്തനം – 4**

**ആമുഖം :**

കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്താനും, ശാസ്ത്രജ്ഞൻമാരോടുള്ള അഭിനിവേശം വർദ്ധിപ്പിക്കുന്നതുവഴി ശാസ്ത്ര അവബോധം വർദ്ധിപ്പിച്ച് അവരെ നൂതന ശാസ്ത്രരംഗത്തേയ്ക്ക് നയിക്കാൻ നാം തയ്യാറാകണം. അതുവഴി കുട്ടിശാസ്ത്രജ്ഞൻമാരെ വാർത്തെടുക്കാനും ഇതുവഴി കഴിയും എന്നു നമ്മൾ പ്രതീക്ഷിക്കുന്നു.

**പ്രവർത്തനങ്ങൾ** : സയൻസ് പാർക്ക് (തോന്നക്കൽ) സന്ദർശിക്കൽ

June - അബ്ദുൾകലാമിന്റെ വിവരങ്ങൾ (ജീവചരിത്രം) നൽകിക്കൊണ്ട് ശാസ്ത്രജ്ഞൻമാരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള പ്രവർത്തനം തുടങ്ങുന്നു.

ഓരോ ക്ലാസ്സിലും 5 കുട്ടികൾക്ക് വീതം ഓരോ ശാസ്ത്രജ്ഞൻമാരുടെ പേരു നൽകി സമ്പൂർണ്ണ വിവരശേഖരണം നടത്താൻ ആവശ്യപ്പെടുന്നു.

അഞ്ചുപേർക്കും ചേർത്ത് ആഴ്ചയിൽ ഒന്ന് എന്ന കണക്കിൽ ഒരു പരീക്ഷണം ചെയ്യിപ്പിക്കുന്നു. അവരുടേതായ (Improvisation) നടത്താം.

July മുതൽ December വരെ

– എല്ലാ കുട്ടികൾക്കും നൽകുന്നു.

January - March -

- അധ്യാപകരുടെ വിലയിരുത്തൽ
- മെച്ചപ്പെടുത്തലും / കൂട്ടിച്ചേർക്കൽ

അവസാനം : Album/Magazine തയ്യാറാക്കുന്നു

Palode Botanical Garden, CTLRI ശ്രീകാര്യം, വെള്ളായണി Agricultural College സന്ദർശിക്കൽ, കൂടംകുളം ന്യൂക്ലിയർ പവർ പ്ലാന്റ് സന്ദർശിക്കൽ

# ACADEMIC MASTER PLAN - SOCIAL SCIENCE UP & HS

| ക്രമ നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം | ചുമതല |
|---|---|---|---|---|---|
| 1. | പഠനയാത്ര<br>കുതിര മാളിക<br>ചരിത്രമ്യൂസിയം,<br>ശ്രീപത്മനാഭപുരം കൊട്ടാരം സന്ദർശനം കുറിപ്പ് തയ്യാറാക്കൽ ആൽബനിർമ്മാണം | ജൂലൈ | 5,6,7, 8,9,10 | സാമൂഹ്യശാസ്ത്ര പഠത്തെ സാമൂഹിക ഇടപെടൽ, ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക | HM സോഷ്യൽ സയൻസ് അധ്യാപകൻ |
| 2 | **സാമൂഹ്യശാസ്ത്രമേള** :<br>സാമൂഹ്യശാസ്ത്രത്തോടുള്ള ആഭിമുഖ്യം മനസ്സിലാക്കുവാൻ വേണ്ടി വിദ്യാർത്ഥികൾക്കായി സാമൂഹ്യശാസ്ത്രമേള<br>സ്കിറ്റ് –<br>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ | ജൂലൈ<br><br>ഒക്ടോബർ | 5, 6, 7, 8, 9, 10 | സാമൂഹിക ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | HM സോഷ്യൽ സയൻസ് അധ്യാപകൻ |
| 3 | സെപ്റ്റംബർ 10 (അസംബ്ലി) ഓസോൺ ദിനം പരിസ്ഥിതിയുടെ നിലനിൽപ്പും ഓസോൺപാളിയുടെ സംരക്ഷണവും പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ധാരണയുണ്ടാവുകയും അവ സംരക്ഷിക്കാനുള്ള മനോഭാവം വികസിപ്പിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | 5, 6, 7, 8, 9, 10 | സാമൂഹിക, പാരിസ്ഥിതിക അവബോധം വളർത്തുക | HM സോഷ്യൽ സയൻസ് അധ്യാപകൻ |
| 4. | ഡിബേറ്റ്–വിവരസാങ്കേതിക വിദ്യ ഗുണമോ ദോഷമോ ഡിബേറ്റ്, റിപ്പോർട്ട് തയ്യാറാക്കൽ, സമർപ്പണം. എസ്. എസ്. ക്ലബ്ബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | 5, 6, 7, 8, 9, 10 | സാമൂഹിക ചിന്ത, സാമൂഹിക ബോധം സാമൂഹിക വിശകലന ശേഷി (enquiry skill) ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | HM സോഷ്യൽ സയൻസ് അധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| 4 | Virtual field trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | 5,6,7, 8,9,10 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക | സോഷ്യൽ സയൻസ് അധ്യാപകൻ |
| 5 | പ്രകൃതി ദുരന്തങ്ങൾ, ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | 5, 6, 7, 8, 9, 10 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | സോഷ്യൽ സയൻസ് അധ്യാപകൻ |

## പ്രവർത്തനം 1 – പഠനയാത്ര

ആമുഖം : പഠനയാത്രകളിലൂടെ കുട്ടികൾക്ക് പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ കുട്ടികൾക്ക് അറിവ് നേടാനും ചരിത്ര സ്മാരകങ്ങളെക്കുറിച്ച് അറിയുന്നതിനും സഹായിക്കുന്നു. ജൂലൈ 2–ാം ആഴ്ച 9–13 വരെയുള്ള ദിവസങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്നു. വിവരശേഖരണം തുടർന്ന് പതിപ്പ് തയ്യാറാക്കൽ.

## പ്രവർത്തനം 2 – സാമൂഹ്യ ശാസ്ത്രമേള

ആമുഖം : കുട്ടികൾക്ക് സാമൂഹിക ശാസ്ത്രത്തോടുള്ള ആഭിമുഖ്യം മനസ്സിലാക്കുവാൻ വേണ്ടി ജൂലൈ അവസാന ആഴ്ച്ച.

സ്കിറ്റ് : സ്കൂൾ യുവജനോത്സവുമായി ബന്ധപ്പെട്ട് സ്കിറ്റ് സംഘടിപ്പിക്കുന്നു. ‘‘സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ’’ – ഒക്ടോബർ

## പ്രവർത്തനം 3 – സ്പെഷ്യൽ അസംബ്ലി

പരിസ്ഥിതി നിലനിൽപ്പും ഓസോൺ പാളിയുടെ സംരക്ഷണവും

ആമുഖം – പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ധാരണയുണ്ടാവുകയും അവയെ സംരക്ഷിക്കാനുള്ള മനോഭാവം വികസിപ്പിക്കുകയും ചെയ്യുന്നു.

– സെപ്റ്റംബർ 10, പ്രത്യേക അസംബ്ലി, പ്ലക്കാർഡ് നിർമ്മാണം

## പ്രവർത്തനം 4

ഡിബേറ്റ് – വിവര സാങ്കേതിക വിദ്യ ഗുണമോ ദോഷമോ

ആമുഖം – ജനങ്ങളെ ആകർഷിക്കുന്ന പ്രധാന മാധ്യമമാണ് വിവര സാങ്കേതികവിദ്യ. ‘‘വിജ്ഞാനം വിരൽത്തുമ്പിൽ’’ ഈ ചെപ്പടി വിദ്യയിലൂടെ ലഭിക്കുന്ന നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെ ഗുണദോഷ സമ്മിശ്രമാണ് ഈ മേഖല. ഗുണങ്ങളേക്കാൾ ദോഷം വിതയ്ക്കുന്ന ഒരു മേഖലയാണ് ഇത്. ഇത് കുട്ടികളിൽ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

## പ്രവർത്തനം 5

ICT - Virtual Tour Preparation

## പ്രവർത്തനം 6

ICT സഹായത്തോടെ പ്രകൃതി ദുരന്തങ്ങളുടെ ഭീതിജനകമായ ദൃശ്യങ്ങൾ കുട്ടികളിൽ എത്തിക്കുന്നു.

## 2025–2026
## അക്കാദമിക് മാസ്റ്റർ പ്ലാൻ UP, HS ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് | 5 - 10 | 1 year | ഗണിത അധ്യാപകർ |
| 2 | ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി ഇവ വികസിപ്പിക്കുക | ഗണിതകേളി<br>മത്സരങ്ങൾ<br>ഗണിതപാട്ടുകൾ<br>ഗണിത നാടകം | 5 - 10 | 1 year | ഗണിത അധ്യാപകർ |
| 3 | ഗണിതപഠനം രസകരവും ആകർഷകവുമാക്കുക | ഗണിത ക്ലബ്ബ്<br>ഗണിത ശാസ്ത്രമേള<br>Geogebra പരിശീലനം | 5 - 10 | 1 year | ഗണിത അധ്യാപകർ |
| 4 | ഗണിതപഠനത്തിന് താത്പര്യം ജനിപ്പിക്കുക | ഗണിതം മധുരം, ഗണിത ഡിക്ഷണറി, ഗണിത പതിപ്പ്, വളരുന്ന ഗണിത ചാർട്ട് ഗണിത മൂല | 5 - 10 | 1 year | ഗണിത അധ്യാപകർ |

### ഗണിതകേളി

ആമുഖം : കളികളിലൂടെ കുട്ടികളിൽ ഗണിതപഠനം ലഘൂകരിക്കുന്നു.

### ലക്ഷ്യങ്ങൾ

- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുന്നു.
- CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുന്നു
- കൃത്യതയോടും, സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ** : ജൂൺ – ഫെബ്രുവരി

(1) ഓട്ടമത്സരം, ചാട്ടമത്സരം എന്നിവ നടത്തി കുട്ടികൾ വിധികർത്താക്കളാകുന്നു. ദശാംശ സംഖ്യകളിൽ വലുതും ചെറുതും തിരിച്ചറിയുന്നു. വ്യത്യസ്ത അളവുകൾ പരിചയപ്പെടുന്നു. സ്പോർട്സ് മത്സരങ്ങളിൽ നിന്നും ഇവ കുട്ടികൾ മനസ്സിലാക്കുന്നു.

(2) **ഗണിതപാട്ടുകൾ** : കഠിനമായ ആശയങ്ങൾ ലഘൂകരിക്കുന്നതിനായി പാട്ടുകൾ അവതരിപ്പിക്കുന്നു.

രണ്ടുവരകൾ ചേർന്നീടും ബിന്ദുവിൽ
ഒരു കോണൊന്നും കണ്ടീടാം
ചരിഞ്ഞും വിരിഞ്ഞും വന്നീടിൽ
കോണിന്നളവ് പലതായീടും
കോണിന്നളവ് തൊണ്ണൂറായാൽ മട്ടകോൺ
തൊണ്ണൂറിൽ താഴെയോ
ന്യൂനകോണായീടും
കോൺ നൂറ്റിയെൺപതിനും തൊണ്ണൂറിനുമിടയ്ക്കായാൽ
ബൃഹത്കോണിന്റെ പേരു
മറന്നീടല്ലേ!
അംശത്തേയും ഛേദത്തെയും
ഒരേ സംഖ്യകൊണ്ട് ഗുണിച്ചെന്നാൽ
അത് സമാന ഭിന്നം

(3) കോണുകളുടെ ആശയം ലഘൂകരിക്കുന്നതിനായി "ഗണിതനാടകം" കുട്ടികളെക്കൊണ്ട് അവതരിപ്പിക്കുന്നു. School Youth Festival ന് ഗണിതനാടകം നടത്താം.
(October to November)

(4) ഗണിത ഡിക്ഷണറി : (June - February)

ആമുഖം : ഓരോ പാഠഭാഗത്തിലെയും ഗണിത വാക്കുകൾ കുട്ടികൾ തിരിച്ചറിയുന്നു.

**ലക്ഷ്യങ്ങൾ** :

ഗണിത പഠനശേഷി വികസിപ്പിക്കുന്നു

ഗണിത പഠനത്തിന് താത്പര്യം ജനിപ്പിക്കുന്നു

**പ്രവർത്തനങ്ങൾ**

ഓരോ പാഠഭാഗവും പഠനശേഷം ഗണിത വാക്കുകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

**ഗണിതമധുരം**

കുട്ടികൾ സ്വന്തമായി ഗണിത കിറ്റുകൾ നിർമ്മിക്കുന്നു. സംഖ്യാ കാർഡ്, ഈർക്കിൽ കെട്ട് ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, ഗണിതമൂല ഓരോ ക്ലാസ്സിലും

**ഗണിതപതിപ്പുകൾ**

ഗണിത ശാസ്ത്രജ്ഞൻമാരെ കുറിച്ചുള്ള വിവരങ്ങൾ, ചിത്രങ്ങൾ, ഗണിതകഥകൾ, പസ്സിൽസ്, ഗെയിംസ്, പാട്ടുകൾ, വിവിധ സംഖ്യാ സമ്പ്രദായങ്ങൾ, സംഖ്യകൾ കഥ പറയുന്നത് ഇവയെല്ലാം ഉൾപ്പെടുന്ന ഗണിത പതിപ്പുകൾ തയ്യാറാക്കുന്നു. ഇവ Maths Exhibition-ൽ പ്രദർശനം നടത്താം

July - August

ഗണിത ദിനാചരണങ്ങൾ ആഘോഷിക്കുന്നു. ഗണിത അസംബ്ലിയിൽ ഗണിത ശാസ്ത്രജ്ഞന്മാരെ കുട്ടികൾക്ക് പരിചയപ്പെടുത്താം. ശാസ്ത്രജ്ഞൻമാരുടെ സംഭാവനകൾ കുട്ടികൾ അസംബ്ലിയിൽ വായിക്കുന്നു. ഇതുവഴി അവരെക്കുറിച്ചുള്ള ധാരാളം വിവരങ്ങൾ കുട്ടികൾക്ക് ലഭിക്കും. ഗണിത പ്രാർത്ഥന, പ്രതിജ്ഞ, ഗണിത ചിന്ത എന്നിവ ഉൾപ്പെടുത്തി അസംബ്ലി ആകർഷകമാക്കുന്നു.

July - February

സംഘപഠനം : കുട്ടികളെ ചെറുസംഘങ്ങളായി തിരിച്ച് പഠന പിന്തുണ നൽകുന്നു.